ജന്മഭൂമി

22 September 2017

# മണ്ണില്ലാ നടീൽ മിശ്രിതം വൻ ഹിറ്റ്

**കൊച്ചി:** കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന് (സിഎംഎഫ്ആർഐ) കീഴിലെ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം വികസിപ്പിച്ച പുതിയ മണ്ണില്ലാ നടീൽ മിശ്രിതം വൻ ഹിറ്റ്. മണ്ണിന് പകരമായി ഉപയോഗിക്കാവുന്ന പോഷക സമ്പുഷ്ട നടീൽ മിശ്രിതം പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിന് സംഘടിപ്പിച്ച വിപണ മേളയിൽ വൻതിരക്കാണ് അനുഭവപ്പെട്ടത്. ആയിരത്തോളം പേരാണ് മിശ്രിതം വാങ്ങാനായി സിഎംഎഫ്ആർഐയിൽ എത്തിയത്. മേളയിൽ അയ്യായിരത്തോളം പായ്ക്കറ്റുകൾക്ക് മുൻകൂർ ബുക്കിംഗും ലഭിച്ചു.

നഗരപ്രദേശങ്ങളിൽ ജൈവകൃഷി ചെയ്യുന്നവർക്ക് ഏറെ അനുഗ്രഹമാണ് പുതിയ നടീൽ മിശ്രിതം. മണ്ണിന്റെ ദൗർലഭ്യം നേരിടുന്ന നഗരത്തിൽ പോഷകമൂല്യം കൂടിയ മണ്ണില്ലാ മിശ്രിതത്തിന്റെ പത്ത് കിലോയുടെ ഒരു പായക്കറ്റിൽ ഗ്രോബാഗ് ഇല്ലാതെ തന്നെ നേരിട്ട് കൃഷി ചെയ്യാം. ഒരു പായ്ക്കറ്റിൽ ഒരു തൈ എന്ന നിരക്കിലാണ് കൃഷി ചെയ്യേണ്ടത്.

മിശ്രിതം വ്യാവസായികാടിസ്ഥാനത്തിൽ ഉൽപാദനം നടത്താൻ താൽപര്യമറിയിച്ചും നിരവധി പേർ മേളയിലെത്തി. സംരംഭകരാകാൻ താൽപര്യമറിയിച്ചവർക്ക് കൃഷി വിജ്ഞാന കേന്ദ്രത്തിന് കീഴിൽ പരിശീലനം നൽകും. താൽപര്യമുള്ള സ്വയം സഹായക സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, മറ്റുള്ളവർക്കും കൃഷി വിജ്ഞാന കേന്ദ്രത്തെ സമീപിക്കാം.

കൂടാതെ, വേപ്പെണ്ണ, വേപ്പിൻ പിണ്ണാക്ക്, വിവിധ ജൈവവളങ്ങൾ, പച്ചക്കറി വിത്തുകൾ, ജൈവകീടിനാശിനി തുടങ്ങിയ മറ്റ് ഉൽപ്പന്നങ്ങൾ വാങ്ങാനും മേളയിൽ തിരക്കനുഭവപ്പെട്ടു. ഈ ഉൽപ്പന്നങ്ങൾ ലഭിക്കുന്ന വിപണന കേന്ദ്രം സിഎംഎഫ്ആർഐയിൽ എല്ലാ ദിവസവും പ്രവർത്തിക്കുന്നുണ്ട്.

മണ്ണില്ലാ നടീൽ മിശ്രിതത്തിന് ലഭിച്ച വൻ ഡിമാന്റ് പരിഗണിച്ച് ഈ മാസം 26 ന് വീണ്ടും വിപണ മേള നടത്തുമെന്ന് കെവികെ മേധാവി ഡോ. ഷിനോജ് സുബ്രഹ്മണ്യൻ അറിയിച്ചു. സംരംഭകത്വ പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്കും മിശ്രിതം ആവശ്യമുള്ളവർക്കും 8281757450 എന്ന നമ്പരിൽ വിളിച്ച് പേര് ബുക്ക് ചെയ്യാം.